**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 128** — **05.03.2012-ൽ മറുപടിക്ക്.**

## പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന് കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടമുണ്ടാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | : (എ) പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പെരുവണ്ണാമൂഴിയിൽ പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി കെ.പി.എച്ച്.സി.സി.-ക്ക് ഫണ്ട് അനുവദിക്കുകയുണ്ടായി. എന്നാൽ ലഭ്യമായ സ്ഥലത്ത് കെട്ടിടം പണിയുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടതിനാലും കരാർ തുക കൂടിയതിനാലും തുടർപണികൾ ഉപേക്ഷിച്ചു. |
| (ബി) കെട്ടിടമുണ്ടാക്കുന്നതിന് ഭൂമി ജലസേചന വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ടോ ; | : (ബി) ഇറിഗേഷൻ വകുപ്പിന്റെ 50 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം പോലീസ് വകുപ്പിന് കൈമാറിക്കിട്ടുന്നതിനായി വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) കെട്ടിടമുണ്ടാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്നുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | : (സി) അനുയോജ്യമായ സ്ഥലം ലഭിക്കാത്തതും ഫണ്ടിന്റെ അപര്യാപ്തതയും പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സമാണ്. നിലവിലുള്ള സ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്തണമെങ്കിൽ ഇപ്പോഴത്തെ നിലവാരമനുസരിച്ച് 60 ലക്ഷം രൂപയിൽ കൂടുതലാകും. |

സെക്ഷൻ ഓഫീസർ